**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 251** **25-10-2021 - ൽ മറുപടിയ്ക്ക്**

**റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിലുള്ള റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; ഇവയ്ക്ക് വേണ്ടിവരുന്ന ചെലവുകൾക്കനുസൃതമായ വരുമാനം ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിലുള്ള റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം നിരന്തരം പരിശോധിച്ചുവരുന്നുണ്ട്. പല റസ്റ്റ് ഹൗസുകളിലും ചെലവുകൾക്കനുസൃതമായ വരുമാനം ലഭിക്കുന്നില്ല. കോവിഡ് നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാൽ റസ്റ്റ് ഹൗസുകളിൽ മുറികൾ പൊതുജനങ്ങൾക്ക് നൽയിരുന്നില്ല. കാന്റീൻ പ്രവർത്തിക്കാത്തതും റസ്റ്റ് ഹൗസുകളിൽ നിന്നുള്ള വരുമാനത്തിൽ വലിയതോതിലുള്ള കുറവുണ്ടാക്കിയിട്ടുണ്ട്. റസ്റ്റ് ഹൗസുകളുടെ ദൈനം ദിന ചെലവുകളും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റും പരിഗണിക്കുമ്പോൾ ആയതിനനുസൃതമായ വരുമാനം റസ്റ്റ് ഹൗസുകളിൽ നിന്നും ലഭിക്കുന്നില്ല. ഉൾപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ചില റസ്റ്റ് ഹൗസുകൾക്കാണ് വരുമാനം തീരെ ലഭിക്കാത്തത്. എന്നാൽ റസ്റ്റ് ഹൗസുകൾ വരുമാനം എന്നതിലുപരി സേവനമേഖലയിലാണ് ഉൾപ്പെടുന്നത്. |
| (ബി) | വാർഷിക അറ്റകുറ്റപ്പണികൾ സമയോചിതമായി നടത്താത്തുമൂലം റസ്റ്റ് ഹൗസുകളോടനുബന്ധിച്ചുള്ള കെട്ടിടങ്ങളും മറ്റ് നിർമ്മിതികളും നശിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിനുവേണ്ടി അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ബി) | വാർഷിക അറ്റകുറ്റപ്പണികൾ സമയോചിതമായി നടത്താത്തുമൂലം റസ്റ്റ് ഹൗസുകളോടനുബന്ധിച്ചുള്ള കെട്ടിടങ്ങളും മറ്റ് നിർമ്മിതികളും നശിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള എല്ലാ കെട്ടിടങ്ങൾക്കും സമയബന്ധിതമായി വാർഷിക അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്. |
| (സി) | റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനകീയമാക്കുന്നതിനും ഓൺലൈൻ ബുക്കിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുമോ; | (സി) | സംസ്ഥാനത്തെ എല്ലാ റസ്റ്റ് ഹൗസുകളിലും 2021 നവംബർ 1 മുതൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ടൂറിസം വികസനത്തിന് സഹായിക്കുന്നരീതിയിൽ റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുമോ; വിശദമാക്കുമോ? | (ഡി) | റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി അവയെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടൂറിസം മേഖലയിലെ പ്രാധാന്യവും സ്ഥല സൗകര്യമുള്ളതുമായ തെരഞ്ഞെടുക്കപ്പെട്ട 25 റസ്റ്റ് ഹൗസുകളെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കെ.റ്റിഡി.സി മാനേജിംഗ് ഡയറക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി ഫോർട്ട് കൊച്ചി റസ്റ്റ് ഹൗസ് നവീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ച് വരുന്നു. റസ്റ്റ് ഹൗസുകളിൽ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ടൂറിസം വികസനത്തിന് അനുയോജ്യമാകും വിധം കുറഞ്ഞ ചെലവിൽ നവീകരിച്ച് പരിപാലിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ വരുമാന വർദ്ധനവും ലക്ഷ്യമിടുന്നു. എല്ലാ റസ്റ്റ് ഹൗസുകളും നവീകരിക്കുന്നതിനോടൊപ്പം അറ്റകുറ്റപണികൾ Routine Maintenance മുഖേന ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ